**റൂളിംഗ്**

ചട്ടവിരുദ്ധമായി ഉത്തരവിറക്കിയത് സംബന്ധിച്ച്

മി. സ്പീക്കർ: 2020 ഒക്ടോബർ 24-ാം തീയതി റവന്യൂ വകുപ്പ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ 1964-ലെ ഭൂപതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നും ഒരു ചട്ടഭേദഗതിയിലൂടെ വരുത്തേണ്ട മാറ്റം നടപടിക്രമങ്ങൾ പാലിക്കാതെയും 1988 ഏപ്രിൽ 7-ാം തീയതിയിലെ സഭാദ്ധ്യക്ഷന്റെ റൂളിംഗിനുവിരുദ്ധമായും പുറപ്പെടുവിച്ചുവെന്നുമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. എന്നാൽ 1964-ലെ ഭൂപതിവ് ചട്ടങ്ങളിലെയും 2005-ലെ കേരള പ്രൊമോഷൻ ഓഫ് ട്രീസ് ഗ്രോത്ത് ഇൻ നോൺ ഫോറസ്റ്റ് ആക്ടിലെയും 2003-ലെ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് മാനേജ്മെന്റ് ഓഫ് എക്കോളജിക്കലി ഫ്രൈജൽ ലാന്റ്സ്) ആക്ടിലെയും വ്യവസ്ഥകൾക്ക് സ്പഷ്ടീകരണം നൽകുന്ന ഒരു സർക്കാർ ഉത്തരവുമാത്രമാണ് പുറപ്പെടുവിച്ചതെന്നും ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. ചെയർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു ചട്ടഭേദഗതിയുടെ സ്വഭാവം ഇവിടെ ഉന്നയിക്കപ്പെട്ട സർക്കാർ ഉത്തരവിനുള്ളതായി കാണുന്നില്ല.

അതുകൊണ്ട് 1988 ഏപ്രിൽ 7-ാം തീയതിയിലെ സഭാദ്ധ്യക്ഷന്റെ റൂളിംഗിന് വിരുദ്ധമായി ഒന്നും ഉണ്ടായിട്ടില്ല എന്നാണ് കാണുന്നത്.

(ധനകാര്യം)